# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.263 | 08/06/2015 ൽ മറുപടിക്ക് |

## ബാർ കോഴ കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി. | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർ കോഴ കേസിൽ ആരോപണവിധേയനായ എക്സൈസ് വകുപ്പ് മന്ത്രിയുടെ സ്വത്തുക്കൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണ സംഘത്തിന് പരാതി ലഭിച്ചിട്ടുണ്ടായിരുന്നോ ; അന്വേഷിക്കുകയുണ്ടായോ ; | (എ) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല |
| (ബി) | ബാർ ലൈസൻസ് ഫീസ് കുറയ്ക്കുന്നതിന് എക്സൈസ് വകുപ്പ് മന്ത്രിയ്ക്ക് സെക്രട്ടേറിയറ്റിൽ എത്തി എത്ര ലക്ഷം രൂപ കൈമാറിയതായിട്ടാണ് ശ്രീ.ബിജുരമേശ് വിജിലൻസിന് മൊഴി നൽകിയിരുന്നത് എന്ന് അറിയിക്കാമോ; | (ബി) | ബാർ ലൈസൻസ് ഫീസ് 30 ലക്ഷമായി ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിച്ചത് 23 ലക്ഷമായി കുറയ്ക്കുന്നതിന് 10 കോടി രൂപാ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബു കൈക്കൂലി വാങ്ങിയെന്നാണ് ബാർ ഹോട്ടൽ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റായ ശ്രീ.ബിജുരമേശ് വി.സി. 06/2014/എസ്.ഐ.യു I കേസന്വേഷണ വേളയിൽ മജിസ്ട്രേറ്റ് മുമ്പാകെ മൊഴി നൽകിയത്. ഇതേകുറിച്ച് പ്രാഥമിക അന്വേഷണം നടന്നു വരുന്നതേയുള്ളൂ |
| (സി) | ബാർ ഓണേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജുരമേശ് എക്സൈസ് വകുപ്പ് മന്ത്രിയ്ക്കെതിരെ മജിസ്ട്രേറ്റിന് മുൻപാകെ നൽകിയ രഹസ്യമൊഴിയുടേയും വിജിലൻസ് സംഘത്തിന് നൽകിയ വിശദമായ മൊഴിയുടെയും അടിസ്ഥാനത്തിൽ വിജിലൻസ് സംഘം എത്തിയ നിഗമനങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ? | (സി) | ടി വിഷയവുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നടക്കുന്നതിനാൽ വിശദാംശങ്ങൾ നൽകുവാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ